**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4940** **01-11-2021 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികൾ സംസ്ഥാനത്ത് മടങ്ങിയെത്തുമ്പോൾ രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. എ. പ്രഭാകരൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പ്രതിസന്ധിക്ക് ശേഷം അതിഥി തൊഴിലാളികൾ തിരികെ വരുമ്പോൾ അവരുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും ആരോഗ്യ സുരക്ഷ സൗകര്യവും ക്വാറന്റൈൻ സൗകര്യവും നൽകുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ലോക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ തന്നെ അതിഥി തൊഴിലാളികൾക്ക് ക്യാമ്പുകൾ സംഘടിപ്പിക്കുകയും ഭക്ഷണമെത്തിക്കുകയെന്ന സർക്കാർ നയം മറ്റ് വകുപ്പുകളുമായി ചേർന്ന് യുദ്ധകാലാടിസ്ഥാനത്തിൽ തൊഴിൽ വകുപ്പ് നടപ്പിലാക്കി. ആദ്യ ഘട്ടമെന്ന നിലയിൽ ഭക്ഷ്യ കിറ്റുകൾ എല്ലാ ജില്ലകളിലും വിതരണം ചെയ്തു. ആട്ട, ഉരുളക്കിഴങ്ങ്, അരി, എണ്ണ, ധാന്യങ്ങൾ തുടങ്ങി അതിഥി തൊഴിലാളികൾ സാധാരണയായി ഉപയോഗിക്കുന്ന സാധനങ്ങളാണ് കിറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. പ്ലാന്റേഷൻ മേഖലയിൽ ഉൾപ്പെടെ 2,65,000 ത്തോളം ഭക്ഷ്യകിറ്റുകളാണ് അതിഥി തൊഴിലാളികൾക്കായി വിതരണം ചെയ്തത്. വിവിധ ജില്ലകളിൽ കോവിഡ് പോസിറ്റീവ് ആകുന്ന അതിഥി തൊഴിലാളികൾക്ക് ചികിത്സയും താമസവും ഒരുക്കുന്നതിനായി ഡൊമിസിലറി കെയർ സെന്ററുകളും CFLTC കളും ആരംഭിച്ചു. അതിഥി തൊഴിലാളികളുടെ പ്രശ്നങ്ങൾ കേൾക്കുന്നതിനും ആയത് പരിഹരിക്കുന്നതിനുമായി ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ പ്രവർത്തിക്കുന്ന കാൾസെന്റർ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിലെ ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവയ്ക്കു പുറമേ എല്ലാ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററുകൾ എന്നിവ ആരംഭിച്ചിട്ടുണ്ട്. ഇത്തരം സെന്ററുകളിൽ വിവിധ ഭാഷകൾ കൈകാര്യം ചെയ്യുവാൻ കഴിയുന്നവരെയാണ് നിയമിച്ചിരിക്കുന്നത്. സംസ്ഥാനത്തെ തൊഴിലാളികൾക്കും അതിഥി തൊഴിലാളികൾക്കും കോവിഡ് വാക്സിൻ നൽകുന്നതിനുള്ള ക്യാമ്പുകൾ |

| | | | |
|---|---|---|---|
| | | | ജില്ലാതലത്തിൽ ജില്ലാ ലേബർ ഓഫീസർമാർ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ എല്ലാ അതിഥി തൊഴിലാളികൾക്കും വാക്സിനേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആവാസ് പദ്ധതിയിലേയ്ക്ക് രജിസ്ട്രേഷൻ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുവഴി സംസ്ഥാനത്തെത്തുന്ന മുഴുവൻ അതിഥി തൊഴിലാളികളുടെയും വിവരം ശേഖരിച്ചു വരികയാണ്. കൂടാതെ അതിഥി ആപ്പ്/ പോർട്ടൽ വഴിയും അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ വിവരശേഖരണത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഈ തൊഴിലാളികളെ സംബന്ധിക്കുന്ന വിശദമായ ഡാറ്റാ സർക്കാരിന്റെ പക്കൽ ഉണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. കോവിഡ് 19-ന്റെ ആദ്യ നാളുകളിൽ ഉൾനാടൻ ഗ്രാമങ്ങളടക്കം സംസ്ഥാനത്തിന്റെ ഒട്ടുമിക്ക പ്രദേശങ്ങളിലും എല്ലാ തൊഴിൽ മേഖലകളിലും പ്രവർത്തിച്ചുകൊണ്ട്, കൂട്ടമായും ചെറുസംഘങ്ങളായും താമസിച്ചുവരുന്ന അതിഥി തൊഴിലാളികളെ കണ്ടെത്തി അവരുടെ പൂർണമായ വിവരം ശേഖരിച്ചിരുന്നു. കുറഞ്ഞ സമയത്തിനുള്ളിൽത്തന്നെ 21,556 ക്യാമ്പുകൾ സജ്ജീകരിച്ച് 4,34,280 അതിഥി തൊഴിലാളികൾക്ക് സമ്പൂർണ്ണമായ സുരക്ഷയും ക്ഷേമവും ഉറപ്പാക്കി അവരുടെ പൂർണ്ണ വിവരം ഗൂഗിൾ സ്പ്രെഡ് ഷീറ്റ് മുഖേന ശേഖരിച്ചത് കോവിഡ് പ്രതിരോധ പ്രവർത്തനത്തിൽ വളരെ സഹായകരമായിരുന്നു. |
| (സി) | സംസ്ഥാന തൊഴിൽ വകുപ്പിൽ മൊബൈൽ അപ്ലിക്കേഷൻ വികസിപ്പിച്ച് അതിഥി തൊഴിലാളികൾ സംസ്ഥാനത്തേക്ക് കുടിയേറുന്നതിന് മുമ്പ് തന്നെ രജിസ്റ്റർ ചെയ്യുവാനും അതുവഴി സർക്കാരിന്റെ ആനുകൂല്യം ലഭിക്കുവാനും സാധിക്കുന്ന തരത്തിലുള്ള പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 27.10.2016 തീയതിയിലെ സ.ഉ.(സാധാ) നം.1325/16/തൊഴിൽ പ്രകാരം ആവാസ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 01/11/2017 മുതലാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. 21/10/2021 തീയതി വരെ 5,09,865 ഇതര സംസ്ഥാന തൊഴിലാളികൾ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിൽ 2020 ലോക്ഡൗണിന് ശേഷം സംസ്ഥാനത്തേയ്ക്ക് തിരികെ വരുന്ന അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപ്പിലാക്കുന്നതിന് ഒരു പോർട്ടൽ/ മൊബൈൽ ആപ്ലിക്കേഷൻ (അതിഥി പോർട്ടൽ) നടപ്പിലാക്കുന്നതിന് തൊഴിൽ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. അതിഥി ആപ്പിന്റെ പോർട്ടലിലൂടെ സംസ്ഥാനത്തേക്ക് കുടിയേറുന്നതിനു മുമ്പ് തന്നെ അതിഥി തൊഴിലാളികളുടെ വിവരങ്ങൾ വകുപ്പിൽ ലഭ്യമാക്കുവാനും സഹായിക്കുന്നു. തൊഴിലുടമയ്ക്കും കരാറുകാർക്കും തൊഴിലാളികളെ കണ്ടെത്തുന്നതിനും |

| | | | |
|---|---|---|---|
| | | | അവരവരുടെ തൊഴിലാളികളുടെ വിശദാംശങ്ങൾ സമർപ്പിക്കുവാനും സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ